**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2015** **21-06-2024 - ൽ മറുപടിയ്ക്ക്**

**വയനാട് പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | വയനാട് പാക്കേജിൽ അനുവദിക്കപ്പെട്ടിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | വയനാട് വികസന പാക്കേജിൽ ഉൾപ്പെടുത്തി 2022-23 ൽ സമർപ്പിച്ച 75.00 കോടി രൂപയുടെ പദ്ധതികളിൽ 68.58 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ ലിസ്റ്റ്, ഓരോ പ്രവൃത്തിക്കുമായി അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഓരോ പദ്ധതിക്കുമായി അനുവദിച്ച തുകയും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; | (ബി) | വയനാട് വികസന പാക്കേജിൽ ഉൾപ്പെടുത്തി 2022-23 ൽ സമർപ്പിച്ച 75.00 കോടി രൂപയുടെ പദ്ധതികളിൽ 68.58 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ ലിസ്റ്റ്, ഓരോ പ്രവൃത്തിക്കുമായി അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | വയനാട് ജില്ലയുടെ സമഗ്ര വികസനത്തിന് വയനാട് പാക്കേജിൽ ഉൾപ്പെടുത്തി കൂടുതൽ പദ്ധതികൾ അനുവദിക്കുന്ന കാര്യം അനുഭാവപൂർവം പരിഗണിക്കാമോ? | (സി) | വയനാട് ജില്ലയുടെ സമഗ്ര വികസനത്തിനായി ഓരോ വർഷവും വയനാട് വികസന പാക്കേജിലുൾപ്പെടുത്തി ബജറ്റിൽ തുക വകയിരുത്തി പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## വയനാട് വികസന പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പദ്ധതികൾ

| ക്രമ നം.. | പ്രവൃത്തിയുടെ പേര് | നിർവഹണ ഏജൻസി | തുക (ലക്ഷത്തിൽ) | അംഗീകരിച്ച വർഷം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിൽ അമ്പലവയലിലുള്ള ആർ.എ.ആർ.എസ്സിൽ പെസ്റ്റിസൈഡ് റസിജ്യു ലാബ് സ്ഥാപിക്കൽ | ആർ. എ.ആർ.എസ്സ്. കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി | 400 | 2022-23 | ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി പർച്ചേസ് പ്രക്രിയ ആരംഭിക്കുന്നതാണ്. |
| 2 | കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിൽ അമ്പലവയലിലുള്ള ആർ.എ.ആർ.എസ്സിൽ അപ്ഗ്രഡേഷൻ ഓഫ് വെതർ സർവയലൻസ് സിസ്റ്റം | ആർ. എ.ആർ.എസ്സ്. കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി | 50 | 2022-23 | ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി പർച്ചേസ് പ്രക്രിയ ആരംഭിക്കുന്നതാണ് |
| 3 | മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കാൻ സുൽത്താൻ ബത്തേരിയിൽ ഹാങ്ങിങ് ഫെൻസസ് | വൈൽഡ് ലൈഫ് വാർഡൻ | 200 | 2022-23 | പ്രവൃത്തി അവാർഡ് ചെയ്തു |
| 4 | മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കാൻ നോർത്ത് വയനാട് ഡിവിഷനിൽ ഹാങ്ങിങ് ഫെൻസെസ് | ഡിഎഫ്ഒ നോർത്ത് വയനാട് | 100 | 2022-23 | റീടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു |
| 5 | മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കാൻ സൗത്ത് വയനാട് ഡിവിഷനിൽ ഹാങ്ങിങ് ഫെൻസെസ് | ഡിഎഫ്ഒ സൗത്ത് വയനാട് | 100 | 2022-23 | രണ്ട് സ്ട്രച്ച് പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ് |
| 6 | ചീരാൽ പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണം, നെൻമേനി ഗ്രാമ പഞ്ചായത്ത് | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വിഭാഗം | 291 | 2022-23 | സാങ്കേതികാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 7 | മട്ടപ്പാറ പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണം, അമ്പലവയൽ ഗ്രാമപഞ്ചായത്ത് | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് കെട്ടിട വിഭാഗം | 200 | 2022-23 | സാങ്കേതികാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 8 | മാനന്തവാടി ഗവ. എഞ്ചിനീയറിംഗ് കോളേജിൽ ഓൺലൈൻ എക്സാമിനേഷൻ സെന്റർ സ്ഥാപിക്കൽ | പ്രിൻസിപ്പൽ, ഗവ. എഞ്ചിനീയറിംഗ് കോളേജ്, മാനന്തവാടി | 120 | 2022-23 | GEM-ൽ നിന്ന് വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു. |
| 9 | മാനന്തവാടി പഴശ്ശി പാർക്കിൽ കിഡ്സ് ഫൺ സോൺ വികസനം | മെമ്പർ സെക്രട്ടറി, ഡിടിപിസി | 120 | 2022-23 | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു |
| 10 | സുൽത്താൻ ബത്തേരി ടൗൺ സ്ക്വയറിൽ ഓപ്പൺ ജിം സ്ഥാപിക്കൽ | മെമ്പർ സെക്രട്ടറി, ഡിടിപിസി | 112.50 | 2022-23 | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു |
| 11 | നോളജ് പാർക്ക് ഫോർ കപാസിറ്റി ബിൽഡിംഗ് ആന്റ് ബിസിനസ് പ്രൊമോഷൻ ഇൻ ഡയറി പ്രൊസസ്സിങ് | രജിസ്ട്രാർ, KVASU | 415.50 | 2022-23 | സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 12 | പൂക്കോട് വെറ്ററിനറി ക്ലിനിക്കൽ സെന്ററിൽ അഡ്വാൻസ് വെറ്ററിനറി ഡയഗ്നോസ്റ്റിക് ഇമേജിംഗ് സെന്റർ സ്ഥാപിക്കൽ | രജിസ്ട്രാർ, KVASU | 500 | 2023-24 | സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. |
| 13 | ഗവ.ട്രൈബൽ ക്യാൻസർ കെയർ സെന്ററിന് സി.ടി സിമുലേറ്റർ വാങ്ങൽ | ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യം | 721 | 2023-24 | ഇ-ടെണ്ടർ നടപടികൾ പൂർത്തിയാക്കി സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട് |
| 14 | സുൽത്താൻ ബത്തേരിയിൽ സംയോജിത ബോൾവാർഡ് വികസനം | സെക്രട്ടറി, സുൽത്താൻ ബത്തേരി നഗരസഭ ആന്റ് എക്സി.എഞ്ചിനീയർ, പൊതുമരാമത്ത് നിരത്തുകൾ വിഭാഗം | 1200 | 2023-24 | സാങ്കേതികാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 15 | കൽപറ്റ, മാനന്തവാടി, സുൽത്താൻ ബത്തേരി എന്നിവിടങ്ങളിൽ ശുദ്ധമായ പാൽ ഉൽപാദനം/ശുചിത്വ കിറ്റ് വിതരണം | ഡെപ്യൂട്ടി ഡയറക്ടർ, ഡയറി | 428 | 2023-24 | ഭരണാനുമതി നൽകിയിട്ടുണ്ട് |
| 16 | മാനന്തവാടി ഗവ.കോളേജിൽ പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മാണം | പ്രിൻസിപ്പൽ, ഗവ.കോളേജ് മാനന്തവാടി | 1150 | 2023-24 | സർവെയും സോയിൽ ടെസ്റ്റിങ്ങും പൂർത്തീകരിച്ചു |
| 17 | മാനന്തവാടി ഗവൺമെന്റ് കോളേജിൽ ഓഡിറ്റോറിയം കം ഇൻഡോർ സ്റ്റേഡിയം നിർമ്മാണം | പ്രിൻസിപ്പൽ ഗവൺമെന്റ് കോളേജ് മാനന്തവാടി | 750 | 2023-24 | ഭരണാനുമതി നൽകിയിട്ടുണ്ട് |